# മാനസികാരോഗ്യ പദ്ധതി നിലനിർത്തുമെന്ന പ്രഖ്യാപനത്തിലും ആശങ്ക തീരാതെ രോഗികൾ

Friday 19 December 2014 12:40 PM IST

ഇംഹാൻസിന്റെ സാമൂഹിക മാനസികാരോഗ്യ പദ്ധതി നിലനിർത്തുമെന്ന് പ്രഖ്യാപനം വന്നെങ്കിലും രോഗികളുടെ ആശങ്ക തീരുന്നില്ല. ഒരു കോടി അറുപത് ലക്ഷം രൂപ വേണ്ടിടത്ത് വെറും 50 ലക്ഷം രൂപ മാത്രം അനുവദിച്ചതിനാൽ പദ്ധതി ഏതാനും മാസമേ തുടരൂ എന്നതാണ് ആശങ്ക. കുടുംബനാഥന്റെ രോഗം മൂലം തളർന്ന കാസർകോട് ബദിയടുക്കയിലെ പക്കീരൻ മണിയാണിയുടെ കുടുംബം തയാറാക്കിയ എന്റെ വാർത്തയിലേക്ക്.

ഇതാണ് എന്റെ കുടുംബം. പത്ത് വർഷം മുന്‌പ് വരെ സന്തോഷം കളിയാടിയിരുന്ന വീട്. പെട്ടൊന്നാണ് അച്ഛന് മനസിന്റെ പിടി വിട്ടത്. ഇതോടെ കുടുംബത്തിന്റെ താളം തെറ്റി.അച്ഛനെയും കൊണ്ട് മംഗലാപുരത്തെ ആശുപത്രികൾ കയറി ഇറങ്ങുന്നത് ഞങ്ങളുടെ ദിനചര്യയായി.ആയിടക്കാണ് മുളിയാർ പി.എച്ച്.സിയിൽ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ക്യാംപ് തുടങ്ങിയത്.

അച്ഛനെ പോലുള്ള 200 അധികം രോഗികളാണ് കൃന്പിൽ ചികിത്സക്ക് എത്തിയിരുന്നത്. എല്ലാവരും എൻഡോസൾഫാൻ മേഖലയിൽ നിന്നുള്ളവർ. പക്ഷെ ഈ മാസം മുതൽ സർക്കാർ ക്യാന്പ് നിർത്തി.മരുന്ന് കിട്ടതായതോടെ അച്ഛന്റെ അവസ്ഥ മോശമായി. മരുന്നിനായി മംഗലാപുരത്തെ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥായാണ്. ഞങ്ങളെ പോലെ 6000 കുടുംബങ്ങളാണ് സർക്കാർ തീരുമാനത്തോടെ ദുരിതത്തിലായിരിക്കുന്നത്. ഇംഹാൻസിന്റെ മാനസിക ആരോഗ്യ പദ്ധതി തുടരാൻ സർക്കാർ നടപടിയെടുക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ

Print Close